(സി) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ മാനദണ്ഡ പ്രകാരമാണ് സ്വതന്ത്ര ഏജൻസികളെ എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങളൾക്ക് നിയോഗിച്ചത്.

(ഡി) കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ നിന്നും സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസി എന്ന സംഘടന മുഖേന 'ഹിൽഡ'യ്ക്ക് അനുവദിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.†

(1) 1.3.98 മുതൽ 31.8.98 വരെയുള്ള കരാർ പ്രകാരം 3,94,000 രൂപ.

(2) 1.9.98 മുതൽ 31.8.99 വരെയുള്ള കരാർ പ്രകാരം 14,71,231 രൂപ.

(3) 1.9.99 മുതൽ പുതിയ കരാർ പ്രകാരം 3,90,000 രൂപ.

വയനാട് ജില്ലയിലെ തെരഞ്ഞെടുത്ത പത്ത് പഞ്ചായത്തുകളിലെ ആദിവാസികൾക്ക് എയ്ഡ്സിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക, എസ്.ടി.ഡി ബാധിതർക്കും സാധാരണ രോഗികൾക്കും ചികിൽസാസൗകര്യം ലഭ്യമാക്കുക, അവർക്ക് ഈ രോഗത്തെ സംബന്ധിച്ച ബോധവൽക്കരണത്തിന് സഹായകരമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുക എന്നിവയും ഹിൽഡയുടെ പ്രവർത്തനത്തിൽപ്പെടുന്നു. ''ബോധന'' എന്ന സംഘടന മുഖാന്തിരം ആദിവാസികുട്ടികൾക്ക് അവരുടെ ഭാഷയിൽതന്നെ ബോധവൽക്കരണം നടത്തുന്നു. മറ്റൊരു 50 അംഗ സംഘടന യുവജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നു.

(ഇ) ഉണ്ട്. ഹിൽഡയ്ക്ക് ലഭിക്കുന്ന വിദേശസഹായം ഡി.ഐ.എഫ്. ഐ.ഡി (ഡിപ്പാർട്ടുമെന്റ് ഓഫ് ഇന്റർ നാഷണൽ ഡെവലപ്പ്മെന്റ് ഓഫ് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ) സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന നൽകുന്നതാണ്.

147 (1751) മന്തുരോഗ നിവാരണകേന്ദ്രം നിർത്തലാക്കാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിൽ പ്രവർത്തിച്ചിരുന്ന മന്തുരോഗ നിവാരണകേന്ദ്രം എന്നുമുതലാണ് നിർത്തലാക്കിയത്; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രം സംസ്ഥാന ആരോഗ്യവകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് വി.സി.ആർ.സി.യുടെ ഡി.എം.ഒ.യും ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) വി.സി.ആർ.സി.യിലെ പരിചയസമ്പന്നരായ സ്റ്റാഫിനെക്കൂടിയെടുത്ത് ഒരു വൈറോളജി ലബോറട്ടറി ഉണ്ടാക്കുന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
1062/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഐ.സി.എ.എം.ആറിന്റെ സഹായത്തോടെ ഒരു സീഡിയും സർവലൈൻസ് യൂണിറ്റ് ഉണ്ടാക്കുന്നതിന് ചാരിറ്റബിൾ സൊസൈറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സൊസൈറ്റി രൂപീകരിക്കുന്നതിന് വി.സി.ആർ.സിയിലെ പരിചയസമ്പന്നരായ സ്റ്റാഫിനെ കൂടി ഉൾപ്പെടുത്തി സൊസൈറ്റിയുടെ ഭാഗമായി ഒരു വൈറോളജിലാബ് ഉണ്ടാക്കുന്നതിന് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഗവൺമെന്റ് തീരുമാനമെടുത്തത് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിനുശേഷം വി.സി.ആർ.സി.യിലെ സ്റ്റാഫിനെ നിയമിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ജി) 1999 ഏപ്രിൽ ആദ്യം ഗവൺമെന്റ് തീരുമാനിച്ചിട്ടും വി.സി.ആർ.സി. സ്റ്റാഫിനെ ഉൾപ്പെടുത്തി വൈറോളജി ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(എച്ച്) എന്നത്തേക്ക് വി.സി.ആർ.സി.യിലെ സ്റ്റാഫിനെ നിയമിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998 മാർച്ചിൽ പ്രോജക്ട് കാലാവധി തീർന്നതിനാലും രോഗ വ്യാപനം തടയുക എന്ന ലക്ഷ്യം കൈവരിച്ചതിനാലും ഈ യൂണിറ്റിന്റെ പ്രവർത്തനം കേന്ദ്ര ഗവൺമെന്റ് അവസാനിപ്പിക്കുകയാണുണ്ടായത്.

(ബി) വി.സി.ആർ.സി.യുടെ പ്രവർത്തനം നിറുത്തുമ്പോൾ പകരം സമാനമായ ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന് വി.സി.ആർ.സി. ആവശ്യപ്പെട്ടതിനോട് സംസ്ഥാന സർക്കാരിന് യോജിപ്പായിരുന്നു. ഇത് സംബന്ധിച്ച് പല ചർച്ചകളും നടന്നിരുന്നു.

(സി)&(ഡി)ആലപ്പുഴ ആസ്ഥാനമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസ് എന്ന സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു വരുന്നു.

(ഇ) ഉണ്ട്. 5.4.99-ലെ സ.ഉ.(എം.എസ്)നം:130/99/വ. പ്രകാരം.

(എഫ്)-(എച്ച്) സൊസൈറ്റിയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ച് ഔദ്യോഗികതല ചർച്ച നടന്നുവരുന്നു. ആ സൊസൈറ്റിയുടെ പ്രവർത്തനോദ്ഘാടനം നിർവ്വഹിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

148 (1752) താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ഉച്ചയ്ക്ക് 1 മണിയ്ക്കുശേഷം എത്ര ഡോക്ടർമാർ സേവനത്തിന് ഉണ്ടായിരിക്കണമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly